**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 779** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ ഭരണസമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ തുടർച്ചയായി ഭരണസമിതി അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് പരിധി നിശ്ചയിച്ച് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ രണ്ട് ഭരണസമിതി കാലയളവിനിടയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തിയിട്ടുണ്ടെങ്കിൽ തുടർച്ചയായ മൂന്ന് ഭരണസമിതികൾ എന്നത് കണക്കാക്കുന്നതിനുള്ള വ്യവസ്ഥ എങ്ങനെയാണ് ബാധകമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ തുടർച്ചയായി ഭരണസമിതി അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിന് പരിധി നിശ്ചയിച്ച് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.<br><br>പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട സഭ പാസാക്കിയ കേരള സഹകരണ സംഘം(മൂന്നാം ഭേദഗതി) ബിൽ, 2022 ലെ ഖണ്ഡം (17) ൽ ഉപഖണ്ഡം(Vii)ൽ വകുപ്പ് 28 ൽ ഉപവകുപ്പ് (2എ) “Notwithstanding anything to the contrary contained in the Act, Rules or in the bye-laws of a credit society, no member of the committee of a society shall be eligible for election to the committee for more than three constitutive terms, irrespective of whether the term in full or in part”__എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി നിയമം ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ